2.	കൺസൾട്ടന്റ്-ഇൻ-അനസ്തീഷ്യോളജി	- 2
3.	ഫൈനാൻസ് മാനേജർ (പ്രോജക്ട്)	- 1
4.	രജിസ്ട്രാർ	- 1
5.	കൺട്രോളർ ഓഫ് ഫൈനാൻസ്	- 1
6.	ചീഫ് എഞ്ചിനീയർ കൺസൾട്ടന്റ്	- 1
7.	സൈറ്റോ പത്തോളജിസ്റ്റ്	- 1
8.	സെക്യൂരിറ്റി കം വിജിലൻസ് ഓഫീസർ	- 1

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി

174 (3103)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ അടഞ്ഞുകിടക്കുന്ന ടി.ബി. വാർഡ് തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വാർഡ് അടിയന്തിരമായി തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ആലപ്പുഴ മെഡിക്കൽ കോളേജിനോട് ചേർന്നുള്ള ടി. ബി. വാർഡ് 16.7.1999 മുതൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.

"പുലയനാർകോട്ട അലർജി ക്ലിനിക്കിന്റെ പ്രവർത്തന സമയം"

175 (3104)ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പുലയനാർകോട്ടയിൽ പ്രവർത്തിക്കുന്ന അലർജി ക്ലിനിക്കിന്റെ പ്രവർത്തന സമയം എപ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) പ്രവർത്തനം രാവിലെ 8 1/2 മണി മുതൽ 11 1/2 മണി വരെയെന്ന് ബോർഡ് എഴുതിവച്ചിട്ടുണ്ടെങ്കിലും 10 മണി ആയാലും ക്ലിനിക്ക് തുറക്കാത്തതുമൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ഒരന്വേഷണം നടത്തി കൃത്യസമയത്തു തന്നെ ക്ലിനിക്ക് തുറന്ന് പ്രവർത്തിപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം പുലയനാർകോട്ടയിൽ പ്രവർത്തിക്കുന്ന അലർജി ക്ലിനിക്കിന്റെ പ്രവർത്തന സമയം രാവിലെ 8.30 മുതൽ 11.30 വരെ ആണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

742/2010.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷണം നടത്തി ആവശ്യമെന്ന് കണ്ടാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ ബ്ലോക്കുതല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം

176 (3105)പ്രൊഫസർ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബ്ലോക്കുതല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കൂടുതൽ ചികിത്സാ സൗകര്യങ്ങളോടുകൂടിയ സാമൂഹികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ഇവിടെ ഏർപ്പെടുത്തുന്നുവെന്ന് വിശദമാക്കുമോ;

(സി) ഇതിനകം എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഈ രീതിയിൽ ആരംഭിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) നടപ്പു സാമ്പത്തികവർഷം ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി സ്റ്റാഫും മറ്റു സൗകര്യങ്ങളുമുള്ള 25 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കൂടി സി.എച്ച്.സി. ആയി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. സി.എച്ച്.സി. ആയി ഉയർത്തുന്നതോടെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ലഭ്യതയനുസരിച്ച് ഫിസിഷ്യൻ, സർജൻ, ഗൈനക്കോളജി, ശിശുരോഗ വിദഗ്ദ്ധൻ എന്നീ സ്പെഷ്യലിസ്റ്റുകളുടെ സേവനവും കെട്ടിട സൗകര്യം ലഭ്യതയനുസരിച്ച് എക്സ്റേ, ഇ.സി.ജി മുതലായ ഉപകരണങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

(സി) ഇവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

"കിഴക്കമ്പലം പഞ്ചായത്തിലെ ഗവൺമെന്റ് ആശുപത്രി വികസനം"

177 (3106) ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഏറ്റവും പഴക്കംചെന്ന കിഴക്കമ്പലം പഞ്ചായത്തിലെ മലയിടംതുരുത്ത് ഗവൺമെന്റ് ആശുപത്രിയിൽ ഇപ്പോൾ രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല എന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 3 ഡോക്ടർമാരും 40 കിടക്കകളും ആവശ്യമായ ജീവനക്കാരും വാർഡും ക്വാർട്ടേഴ്സും ഉണ്ടായിരുന്ന ഈ ആശുപത്രിയുടെ പ്രവർത്തനം നല്ല നിലയിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം - XVII

LIBRARY ARCHIVES Kerala Legislative Assembly